പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2061 13.06.2019 ൽ മറുപടിക്ക്

## കാത് ലാബ് സൗകര്യം ഏർപ്പെടുത്തിയ ആശുപത്രികൾ

| ചോദ്യം<br><br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കാത് ലാബ് സൗകര്യം ഏർപ്പെടുത്തിയ ആശുപത്രികളുടെ വിവരം മണ്ഡലം തിരിച്ച് നൽകാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട, തൃശ്ശൂർ, ആലപ്പുഴ, കാഞ്ഞിരപ്പള്ളി, എന്നീ ജനറൽ ആശുപത്രികളിലും കൊല്ലം, കണ്ണൂർ, കാഞ്ഞങ്ങാട് എന്നീ ജില്ലാ ആശുപത്രികളിലും മഞ്ചേരി, പാരിപ്പള്ളി, എറണാകുളം മെഡിക്കൽ കോളേജുകളിലും കാത്ത് ലാബ് അനുവദിച്ചു. ആയത് നിർമ്മിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിൽ ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി, പത്തനംതിട്ട, മഞ്ചേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | സി.എച്ച്.സി., പി.എച്ച്.സി.കളിൽ ഇതിന്റെ ഭാഗമായി സ്റ്റാഫ് പാറ്റേൺ ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ; | (ബി) | സി.എച്ച്.സി., പി.എച്ച്.സി.-കളിൽ കാത്ത് ലാബുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇല്ല. |
| (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് സി.എച്ച്.സിയിൽ കിടത്തിചികിത്സ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടം ഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗി സൗഹൃദമാക്കുക എന്നതാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. കോങ്ങാട് സാമൂഹ്യാരോഗ്യകേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ഘട്ടത്തിൽ ഇവിടുത്തെ അടിസ്ഥാന സൗകര്യത്തിലെയും തസ്തികകളിലെയും കുറവുകൾ പരിഹരിച്ച് മെച്ചപ്പെട്ട സേവനം നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ